9

# മീഖൾ

# സ്നേഹം കൈപ്പായി മാറുമ്പോൾ!

## (18:20, 27; 19:11-17)

മനുഷ്യ ജീവിതത്തിലെ മിക്കവാറും എല്ലാ അനുഭവങ്ങളെയും സ്പർശിക്കുന്നതാണ് 1 ശമുവേൽ. ഈ പുസ്തകത്തിൽ ഒരു "പ്രണയം" നടക്കുന്നുണ്ട്. ഇന്നാണെങ്കിൽ ഏറ്റവും നല്ല വിൽപ്പനക്കുള്ള പുസ്തകമായി തീരുന്നതിനുള്ള വിശദാംശങ്ങൾ എല്ലാം അടങ്ങുന്നതാണ് ആ പ്രണയ കഥ. കഥയിൽ രണ്ട് പ്രണയിതാക്കളും, ബഹുവിധ പോരാട്ടങ്ങളും, ഗൂഢാലോചനകളും, വൈകാരികമായ ഉയർച്ചയും താഴ്ച്ചയും, അപകടങ്ങളും, ഉൾപ്പെടുന്നു. അതു വായിക്കുന്നതിന് ആവേശം പകരുന്നതാണ്. എന്നാൽ ഈ പ്രണയകഥയിൽ പറയുന്നതുപോലെ ആ ദമ്പതികളുടെ ജീവിതം "ശാശ്വതകരമായി പിന്നീട് സുഖമുള്ളതായിരുന്നില്ല" എന്നു അവസാനം കാണാം. അത്തരം സംഭവങ്ങളിൽ അവസാനം സന്തോഷകരമാക്കുവാൻ കഴിയുമായിരുന്നു, എന്നാൽ "സ്നേഹം" അതിന്റെ ശരിയായ സ്ഥാനത്ത് അവരോധിക്കപ്പെടാതിരുന്നതു കൊണ്ട്, കൈപ്പ് അവരിൽ കടന്നുവന്നു.

വൈവാഹിക ജീവിതത്തിൽ സ്നേഹത്തിനു പകരം പലപ്പോഴും നീരസം കടന്നുവരുന്നു എന്ന ദുഃഖകരമായ യാഥാർത്ഥ്യം ഇന്നു ധാരാളം ദാമ്പത്യബന്ധത്തിൽ നിലനില്ക്കുന്നു. പലപ്പോഴും സന്തോഷപ്രദമായ കുടുംബങ്ങൾ പിന്നെ യുദ്ധക്കളമായി മാറും. സോക്രറ്റീസിന്റെ ഭാര്യ, സാന്റിപേ, മുൻകോപമുള്ള ഒരു സ്ത്രീയായിരുന്നു. ഒരിക്കൽ, അവരുടെ കോപത്തെ സ്ഫോടനാത്മകമായി അവനിൽ വെളിവാക്കിയപ്പോൾ, സോക്രറ്റീസ് പുറത്തുപോയി പടിവാതിൽക്കൽ ഇരുന്നു. അയാളുടെ ആകുലതയില്ലാത്ത ശാന്തമായ പ്രകൃതം അവളെ കൂടുതൽ ശുണ്ഠി പിടിപ്പിച്ചു. അവളുടെ കോപം ജ്വലിച്ച് അവൾ മുകളിലേക്കു പോവുകയും ഒരു കുടം വെള്ളം എടുത്ത് അവിടെ നിന്ന് അയാളുടെ തലയിലേക്ക് ഒഴിക്കുകയും ചെയ്തു. സോക്രറ്റീസ് ചിരിച്ചുകൊണ്ട് പറഞ്ഞു, ഇടി കൂടുതൽ വരുമ്പോൾ അതു മഴയെ പുറപ്പെടുവിക്കുന്നു!

രണ്ട് പ്രണയിതാക്കളായ - യിശ്ശായിയുടെ മകൻ, ദാവീദും, ശൗലിന്റെ മകൾ, മീഖളും - ഏറ്റവും അസുഖകരമായ എന്നാൽ നമ്മളെല്ലാവരും ശ്രദ്ധിക്കേണ്ടതുമായ ഒരു പാഠം ആണ് നൽകുന്നത്.

**വിവാഹം**

ഗോല്യാത്തിനെ കൊന്ന ഉടനെയാണ് അവർ തമ്മിൽ കണ്ടുമുട്ടുന്നത്. ആ മല്ലനെ കൊന്നതിന് പ്രതിഫലമായി ശൗൽ തന്റെ മകൾ മേരാബിനെ ദാവീദിനു വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ശൗലിന്റെ അസൂയയും, ഭയവും, മറ്റു ദുഷിച്ച അസാധാരണ മാനസികാവസ്ഥയും നിമിത്തം അവൻ തന്റെ വാഗ്ദാനത്തിൽ നിന്ന് പിൻമാറുകയും, മേരാബിനെ മറ്റൊരാൾക്ക് വിവാഹം കഴിപ്പിക്കയും ചെയ്തു. തന്റെ ഇളയ മകൾ ദാവീദിനെ വാസ്തവത്തിൽ സ്നേഹിക്കുന്നു എന്ന് ശൗൽ അറിഞ്ഞപ്പോൾ, ഈ അവസരം ദാവീദിനെ കൊല്ലുവാൻ അവൻ ഉപയോഗിച്ചു (18:20-25). മീഖളിനെ വിവാഹം ചെയ്യുവാൻ അവകാശപ്പെടേണ്ടതിന് എന്താവശ്യപ്പെട്ടാലും അതു ചെയ്യുവാൻ ദാവീദിനു മനസ്സുണ്ടായിരുന്നു (18:27). അവൻ നായകനെ പോലെ അവളെ അവകാശപ്പെടുകയും, അവർ യിസ്രായേലിനിടയിൽ ''വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു'' എന്നു പരദൂഷണം പറയാറുള്ളതുപോലെ ജീവിക്കുവാൻ തുടങ്ങി!

ദാവീദിനെ ശൗൽ ഉപദ്രവിക്കുവാൻ തുടങ്ങുന്നതിനോട് അവർ എങ്ങനെ പ്രതികരിച്ചു എന്നത് അവരുടെ സ്നേഹത്തിന്റെ തെളിവാണ് (19:11-17). മനസാക്ഷിയുടെ എല്ലാ അതിരുകളേയും ലംഘിക്കുന്നതായിരുന്നു ശൗലിൽ നിന്നു പുറപ്പെട്ടതായ അക്രമം, രാജാവ് അവസാനം ദാവീദിനെ കുറ്റം വിധിക്കുകയും പരസ്യമായി അവനെ കൊല്ലുവാൻ പദ്ധതി ഒരുക്കുകയും ചെയ്തു. വ്യക്തിപരമായി ദാവീദിനെ കൊല്ലുവാൻ കഴിയാതിരുന്നതുകൊണ്ട് (18:10), ശൗൽ ദാവീദിനെ പതിയിരുന്ന് ആക്രമിക്കുവാൻ കെണിയൊരുക്കി. മീഖൾ അവളുടെ അപ്പന്റെ കെണി മനസ്സിലാക്കി ദാവീദിനെ രക്ഷിക്കുവാനായി ദാവീദ് കിടക്കയിൽ രോഗിയാണെന്നു വാദിച്ചു ഒരു ബിംബത്തെ കിടത്തി പുതപ്പിച്ചു. അവളുടെ വഞ്ചന പുറത്തുവന്നപ്പോൾ, അവളുടെ സ്വയ രക്ഷക്ക് അവൾ ശൗലിനോട് കള്ളം പറഞ്ഞു. ദാവീദിന്റെ ഈ രക്ഷപ്പെടൽ അവൻ സങ്കീർത്തനം 59-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ദാവീദിനെ പ്രവാസത്തിലേക്ക് അയച്ചു. മീഖളിനെ ദാവീദിൽ നിന്ന് പറിച്ചെടുത്ത് മറ്റൊരാൾക്ക് ഭാര്യയായി കൊടുത്തു (2 ശമുവേൽ 3:13-16). എട്ടു മുതൽ പത്തുവരെയുള്ള വർഷങ്ങൾ, ഈ പ്രണയിതാക്കൾ വേർപെട്ടു തന്നെ കഴിഞ്ഞു.

ശൗലിന്റെ മരണശേഷമാണ് ദാവീദും മീഖളും വീണ്ടും ഒന്നുചേർന്നത്. ഈ വീണ്ടും യോജിക്കൽ കടുത്ത കൈപ്പിലേക്കും വീണ്ടു മുള്ള വേർപാടിലേക്കും നയിച്ചു. ശൗൽ കൊല്ലപ്പെട്ട ശേഷം, അവന്റെ സിംഹാസനം അവന്റെ ജീവിക്കുന്ന മകനിലേക്കുവന്നു, ശൗൽ ആസ്വദിച്ചതായ ബന്ധവും ഐക്യതയും ഒരിക്കലും അവിടെ ഉണ്ടായില്ല (2 ശമുവേൽ 3:1). അവസാനം പോരാടിക്കൊണ്ടിരുന്ന രണ്ടുകൂട്ടരും ഒത്തുതീർപ്പിലായി (2 ശമുവേൽ 2:12 മുതൽ.).

മീഖളിനെ ദാവീദിനു ഉടനെ മടക്കി കൊടുക്കുക എന്നതായിരുന്നു ആ ഒത്തുതീർപ്പിലെ ദാവീദിന്റെ ഒന്നാമത്തെ നിബന്ധന. ശമുവേൽ പറഞ്ഞു, ''ഉടമ്പടി ചെയ്യാം, എന്നാൽ ഞാൻ ഒരു കാര്യം നിന്നോടു ആവശ്യപ്പെടുന്നു, നീ എന്നെ കാൺമാൻ വരുമ്പോൾ ആദ്യം തന്നേ ശൗലിന്റെ മകളായ മീഖളിനെ കൂട്ടിക്കൊണ്ടു വരാതിരുന്നാൽ, നീ എന്റെ മുഖം കാൺകയില്ല എന്നു പറഞ്ഞു, ...'' (2 ശമുവേൽ 3:13). അവന്റെ ''ആദ്യ സ്നേഹ'' ത്തിന്റെ ഓർമ്മകൾ അവന് പ്രിയപ്പെട്ടതായിരുന്നു എന്നതിൽ സംശയമില്ല. അവന്റെ

ഭാര്യ രാജാവിന്റെ മകളായതുകൊണ്ട് ആ ഒരു പുനഃസമാഗമം ദാവീദിനെ രാജ്യസ്ഥാനത്തേക്കു കൊണ്ടുവന്നു. എബ്രോനിൽ വച്ച് കാത്തിരുന്ന ആ പുനഃസമാഗമം പത്തു വർഷത്തെ നീണ്ട കാത്തിരിപ്പിനുശേഷമായിരുന്നു സംഭവിച്ചത്. ദാവീദ് മീഖളിനുവേണ്ടി കാത്തിരുന്നപ്പോഴുള്ള അവന്റെ ഹൃദയ വികാരവും ആകാംക്ഷയും നിങ്ങൾക്കു ഊഹിക്കുവാൻ കഴിയുന്നുണ്ടോ? ഇവിടെ അവൻ വീണ്ടും ഒന്നിക്കുവാൻ പോകുന്നത് വ്യക്തിപരമായ അപകടങ്ങൾ ഉണ്ടായിരുന്നിട്ടും അവനെ സംരക്ഷിച്ച, താൻ ആദ്യമായി സ്നേഹത്തിലായ സ്ത്രീയുമായിട്ടാണ്. കഴിവതും വേഗത്തിൽ അവളുമായി വീണ്ടും യോജിക്കണമെന്ന് അവൻ ആഗ്രഹിച്ചതിൽ അതിശയമില്ല! എന്നാൽ കാര്യങ്ങളെല്ലാം മാറി.

പത്തുവർഷത്തിനു മുൻപു ചെറുതായി തോന്നിയ വ്യത്യാസങ്ങൾ കൂടുതൽ വളർന്നു. അവർ രണ്ടുപേരും പഴയ ആളുകൾ തന്നെ ആയിരുന്നുവെങ്കിലും, അവരുടെ മൂല്യങ്ങൾ കൂടുതൽ ഉറപ്പുള്ളതായി തീർന്നു. അവർ ''ഒരുമിക്കുവാൻ'' തീരുമാനം എടുത്തപ്പോഴും, അവർ വിവാഹത്തിന് പദ്ധതി ഒരുക്കിയപ്പോഴും, ഏതാനും മാസങ്ങൾ ഒരുമിച്ചു ജീവിച്ചപ്പോഴും ആ വ്യത്യാസങ്ങൾ പ്രാധാന്യമുള്ളതായി തോന്നിയില്ല. എന്നാൽ ആ വ്യത്യാസങ്ങൾ വളർന്നു യിസ്രായേൽ ചരിത്രത്തിലെ ഒരു ആഘോഷ ദിവസത്തിൽ പൊട്ടിത്തെറിക്കുകയും ചെയ്തു. മധുവായ സ്നേഹം മാറുകയും, പകരം കയ്പ്പ് മുളയ്ക്കുകയും ചെയ്തു. ''വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു'' എന്ന പ്രസ്താവനയുടെ അവസാനം ദുഃഖത്തെ സൂചിപ്പിക്കുന്നു (2 ശമുവേൽ 6:23).

### ദുരന്ത സംഭവം

മീഖളിന്റെ ജീവിതത്തിൽ അവരുടെ സ്നേഹത്തെയും ബന്ധത്തെയും തരം താഴ്ത്തിയത് ഒരു തെറ്റായിരുന്നു എന്നു കാണാം. സാത്താന് ഒരു തെറ്റിൽ കൂടെ, അനേകം വിപത്തുകൾ കൊണ്ടുവരുന്ന വിടവുകൾ സൃഷ്ടിക്കുവാൻ കഴിയും എന്നോർക്കുക (യാക്കോബ് 2:10).

മീഖളിന്റെ ആ ഒരൊറ്റ തെറ്റ് എന്തെന്നാൽ *അവൾ ദൈവത്തെ ശരിയായി ആദരിച്ചില്ല* എന്നതാണ്! അവൾ ആഗ്രഹിച്ചത് വിശുദ്ധിയല്ല മറിച്ച് അന്തസിനും, സത്യാരാധനക്കു പകരം വിഗ്രഹാരാധനയുമായിരുന്നു. അവൾക്കു ലഭിച്ചത് ശൗലിന്റെ ശിക്ഷണമായിരുന്നു. ആ കാലഘട്ടത്തിൽ ആളുകൾ ദൈവത്തെ വിചാരിച്ചില്ല (1 ദിനവൃത്താന്തം 13:3). പരസ്യാരാധന ത്യജിക്കുകയും, മതപരമായി എരിവു ഇല്ലാതാകുകയും ചെയ്തിരുന്നു. മീഖൾ ദൈവത്തെ അറിഞ്ഞിരുന്നു, എന്നാൽ അവൾ വാസ്തവത്തിൽ ദൈവത്തെ ''അറിഞ്ഞിരു'' ന്നില്ല! അവൾ ദൈവത്തെ ''മൂർത്തി'' കൾക്കു തുല്യമായി കണക്കാക്കി (19:16). അവളുടെ മതത്തെ അവൾ അന്ധവിശ്വാസവും, ഔപചാരികവും, മന്ദതയും ഉള്ളതാക്കി. അവൾ വളർന്നു വലുതായപ്പോൾ, ദാവീദിന്റെ ഭക്തി അവൾക്ക് പിന്നെ സഹിച്ചുകൂടാതെ വന്നു! ദാവീദിൽ അവൾ കണ്ട രാജാവിനെയും നായകനെയും അവൾ സ്നേഹിച്ചു. അവൾ യഹോവയെ കണക്കാക്കാതിരുന്നതുകൊണ്ട് ദാവീദിന്റെ എളിമയും ഭക്തിയും താല്പര്യവും എല്ലാ യിസ്രായേലിന്റെയും യഹോവയുടേയും മുൻപാകെ നിലനിർത്തിയത് അവൾക്ക് ഇടർച്ചയായി (2 ശമുവേൽ 6:20).

അവളുടെ ഒറ്റ തെറ്റ് തന്റെ സ്നേഹം കയ്പ്പായി മാറ്റുകയും, അത് ഇന്നു വൈവാഹിക ജീവിതത്തിലെ കുഴപ്പങ്ങൾക്ക് കാരണമായി തീരു

കയും ചെയ്തു! വീടുകളിൽ സന്തോഷം വാഴേണ്ടതിനു പകരം, കയ്പ്പു ണ്ടാകുന്നതിന്റെ കാരണം ഒരാൾ മറ്റൊരാളെക്കാൾ അധികമായി ദൈവത്തെ സ്നേഹിക്കുന്നു എന്നതാണ്. അത്തരം ഭവനങ്ങളിൽ രണ്ടുപേർ ദൈവത്തെ അറിഞ്ഞ് പരസ്പര സ്നേഹത്തിന് ഉടമ്പടി എടുത്തവരാണ്, എന്നാൽ പോലും നിത്യമായ വേർപാടിലേക്ക് അവർ തിരിയുന്നു എന്നത് ദുഃഖകരമായ വസ്തു തയാണ്! പലരും വിവാഹ ജീവിതം ദൈവത്തോടുള്ള സ്നേഹത്തിലും വിശ്വാസത്തിലും ആരംഭിക്കും എന്നാൽ ക്രമേണ ''സമാധാനം,'' ഉണ്ടാകേണ്ട തിനു പകരം കൂടുതൽ കുഴപ്പങ്ങൾ ജനിപ്പിക്കുന്ന കുറ്റപ്പെടുത്തലുകൾ ഉണ്ടാ കുന്നു!

വിവാഹജീവിതത്തിലെ ഗൗരവമായ ഘട്ടങ്ങളിൽ, തിരിച്ചെടുക്കാനാ വാത്ത തീരുമാനങ്ങൾ എടുക്കുന്നതിനു മുൻപ് ജീവിതത്തിൽ രണ്ടുപേരെ യോജിപ്പിക്കുന്നതിന് ഈ പ്രധാനപ്പെട്ട കാര്യം ശ്രദ്ധിക്കുക.

**അനന്തരഫലങ്ങൾ**

മതപരമായി വിഭജിക്കപ്പെട്ട ഭവനത്തിന്റെ ദുരന്താവസ്ഥയെയാണ് ഈ സംഭവം പ്രത്യേകമായി എടുത്തു കാണിക്കുന്നത്. വിവാഹ ബന്ധത്തിലെ പ്രതിജ്ഞ ലംഘിക്കപ്പെടുകയും ഭാര്യയും ഭർത്താവും തമ്മിലുള്ള അകൽച്ച കൂടുകയും ഉറച്ചതാകുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന അന ന്തരഫലങ്ങൾ ശ്രദ്ധിക്കാം.

*ഒരു അഹങ്കാരവും ഔദ്ധത്യ മനോഭാവവും ഇവിടെ കാണാം.* മീഖൾ രാജകീയ ജീവിതം ആഗ്രഹിച്ചു; ''സാധാരണ ജനങ്ങളു'' മായി അവൾക്കു ഒരു ബന്ധവുമില്ല. നമ്മുടെ വിലപ്പെട്ട അഭിപ്രായങ്ങൾ നമ്മുടെ വിശ്വാസ ത്തിൽ അധിഷ്ഠിതമാണെന്നു ഇതു കാണിക്കുന്നു. വിശ്വാസ കാര്യങ്ങളിൽ രണ്ടുപേർ വിയോജിക്കുമ്പോൾ, അവർ ജീവിത മൂല്യങ്ങളിലും വിയോജി ക്കുകയാണ്. മീഖളിന്റെ രാജ്ഞി പദവിയിൽ ദാവീദിന്റെ ധ്യാനം പ്രതിഫ ലിക്കപ്പെട്ടു കാരണം അവൻ സാധാരണക്കാരുമായി ഇടപെട്ടിരുന്നു. മീഖൾ അവളെ സ്വയം കണ്ടത് ''ശൗലിന്റെ മകൾ'' ആയിട്ടാണ്; അവളുടെ മൂല്യ ങ്ങൾ അതിനെ ആസ്പദമാക്കി യുള്ളതായിരുന്നു.

*രൂക്ഷ വിമർശനവും കൈപ്പേറിയ ഭാഷയും പരസ്പരം ഉപയോഗിക്കു വാൻ തുടങ്ങും.* ആ ആഘോഷ ദിവസമായിരുന്നു ദാവീദിന്റെ ജീവിത ത്തിൽ ഏറ്റവും സന്തോഷമുണ്ടായിരുന്ന ദിവസം. അവൻ തന്റെ ഭവനത്തെ ''അനുഗ്രഹിക്കുവാൻ'' മടങ്ങി വന്നു (6:20). ഒരു സന്തോഷകരമായ ആഘോഷം അവൻ പ്രതീക്ഷിച്ചുകൊണ്ടാണ് വന്നത്, എന്നാൽ അവൻ നടന്നത് നേരെ ഒരു ''കടന്നൽ കൂട്ടിലേക്ക്'' ആയിരുന്നു! അവനെ ആദ്യം സ്വീകരിച്ച വാക്കുകൾ തന്നെ രൂക്ഷ പരിഹാസവും വിഡ്ഢിത്തവും കലർന്നതായിരുന്നു. മീഖൾ അവനെ എതിരേറ്റു കൊണ്ടു പറഞ്ഞു, ''നിസ്സാ രന്മാരിൽ ഒരുത്തൻ തന്നത്താൻ അനാവൃതനാക്കുന്നതുപോലെ! ഇന്നു തന്റെ ദാസന്മാരുടെ ദാസികൾ കാൺകെ തന്നത്താൻ അനാവൃതനാക്കിയ യിസ്രായേൽ രാജാവ് ഇന്നു എത്ര മഹത്വമുള്ളവൻ!'' (2 ശമുവേൽ 6:20). മറ്റൊരാളോട് ഉള്ള നിന്ദ പ്രകടിപ്പിക്കുവാനായി എബ്രായ ഭാഷയിൽ ഉപ യോഗിക്കുന്ന ശക്തമായ വാക്കാണ് ''നിസ്സാരൻ.'' അവൾ അവനെ വിളി ച്ചത് ''ശൂന്യമായ 3 തലയുള്ള നിസ്സാരൻ'' എന്നാണ്! (ഒ.വാ. മത്തായി 5:22.) ഒരുപക്ഷെ ഈ എതിരിടലിന്റെ പശ്ചാത്തലത്തിൽ ആയിരിക്കാം ദാവീദ് സങ്കീർത്തനങ്ങൾ 52:2, 57:4, അല്ലെങ്കിൽ 120:3 എഴുതിയത്. ദാവീദ് തന്റെ

രാജകീയ വസ്ത്രമഴിച്ച് സാധാരണ പൗരനെ പോലെ വസ്ത്രം ധരിച്ചപ്പോൾ മീഖൾ ദാവീദിനെ വിളിച്ചത് ''അനാവൃതൻ,'' എന്നാണ്. ദമ്പതികൾക്കിട യിലുള്ള ഈ രൂക്ഷ പരിഹാസവും കൈപ്പേറിയ വാക്കുകളും ദാവീ ദിനെയും മീഖളിനെയും പോലെയുള്ളവർക്കിടയിൽ സാധാരണവും നിർഭാ ഗ്യകരവുമാണ്.

*മനസ്സിലാക്കലിന്റെ അഭാവവും, നീരസവും, അന്തിമമായ അകൽച്ചയും ഉണ്ടാകും*. ദാവീദ് ചെയ്തതുപോലെ ദൈവത്തെ സ്നേ ഹിക്കുന്നതിനോ, ആരാധിക്കുന്നതിനോ മീഖളിന് ഒരെരുവും ഇല്ലായിരുന്നു. അവൾ അവനെ ''നിന്ദിച്ചു'' (6:16), അത് അവളുടെ പുഛവികാരത്തെ സൂചിപ്പിക്കുന്നു. ഒന്നു കിൽ ഭർത്താവ് അല്ലെങ്കിൽ ഭാര്യ അനേക ക്രിസ്ത്യാനികളുടെ അനാത്മി കതക്ക് കാരണമായി തീർന്നിട്ടുണ്ട്. വിശ്വാസത്തിലുള്ള വ്യത്യാസം വിവാ ഹജീവിതത്തിൽ തരണം ചെയ്യുവാൻ കഴിയാത്ത വളരെ വലിയ തടസ ങ്ങൾ ഉണ്ടാക്കും. സാധാരണ ഒന്നുകിൽ ദൈവത്തോടുള്ള വിട്ടുവീഴ്ച്ചക്കും പങ്കാളിയോടുള്ള സമാധാനത്തിനും തയ്യാറാകണം, അല്ലെങ്കിൽ ദൈവ ത്തോടുള്ള സമാധാനത്തിനും പങ്കാളിയിൽ നിന്നുള്ള അകൽച്ചക്കു തയ്യാ റാകണം.

ചുരുക്കത്തിൽ ദാവീദിന്റെയും മീഖളിന്റെയും പോലെ അനേ കരുടെ വിവാഹജീവിതത്തിൽ ഉണ്ടാകുന്ന അകൽച്ചയുടെ വിടവ് കൂടി വരുകയും മുറിവ് ഉണങ്ങാൻ കഴിയാത്തതായി തീരുകയും ചെയ്യുന്നു. ഫലം ഒറ്റപ്പെ ടൽ ആയിരിക്കും.

**ഉപസംഹാരം**

മീഖൾ ''ദൈവത്തിനു ബോധിച്ച'' ഒരു സ്ത്രീ ആയിരുന്നെങ്കിൽ എന്തു വ്യത്യസ്തമായ ഒരു അവസാനം എഴുതുവാൻ കഴിയുമായിരുന്നു. ദാവീദും അവളും പിന്നീടു ഭാര്യയും ഭർത്താവുമായി കഴിയുവാൻ കഴിയാതെ, ഒരു പക്ഷെ അതിസങ്കീർണ്ണതയിലേക്ക് തിരിഞ്ഞിരിക്കാം (2 ശമുവേൽ 6:23). അവൾക്ക് അഞ്ചു മക്കൾ ഉള്ളതായി പറയുന്നത് 2 ശമുവേൽ 21:8-ലാണ് (കെജെവി), എന്നാൽ ഇവർ മിക്കവാറും മീഖളിന്റേതല്ലാതെ മേരാബിന്റേതാ കാനാണ് സാധ്യത. മീഖൾ തന്റെ സഹോദരിയുടെ മക്കളെ വളർത്തി, എന്നു സ്പഷ്ടം.

ഒരിക്കൽ മൃദുവായി - ഇരുന്ന പ്രണയം എങ്ങനെ ദുരന്തത്തിൽ കലാ ശിക്കുന്നു എന്നു നോക്കുക. അനേകർ ഇന്ന് അതേ പാത പിൻപറ്റുന്നു എന്നുള്ളത് എത്രത്തോളം ദുരന്തമാണെന്നു ചിന്തിക്കുക!

രണ്ടുപേർ വിശ്വാസത്തിൽ തുല്യരാകാതെ ഒരുമിച്ചു ജീവിക്കുവാൻ ശ്രമിച്ചതുകൊണ്ടാണ് ആ പ്രണയം ദുരന്തമായി മാറിയത്. ഈ വാക്കുകൾ അവരുടെ വൈവാഹിക ജീവിതത്തെ വിവരിക്കുന്നു: ക്ഷമിക്കപ്പെടാത്ത, സ്വയം-കേന്ദ്രീകൃത, നിഗളമുള്ള, വായാടി-ആയ, രൂക്ഷ പരിഹാസിയായ, നീരസമുള്ള, അസഹിഷ്ണുതയുള്ളത് എന്നു പറയാം.

ഒരു വീട് വിശ്വാസത്തിൽ യോജിച്ചിരിക്കേണ്ടതിന്റെ പ്രാധാന്യത്തെ ഓരോ ബൈബിൾ വിദ്യാർത്ഥിയും നോക്കിക്കാണണം. നമ്മുടെ ക്രിസ്തീയ യുവാക്കൾ, കഴിയുമെങ്കിൽ, ക്രിസ്തീയ യുവതികളെ തന്നെ വിവാഹം കഴി ക്കയും ദാവീദിനും മീഖളിനും ഉണ്ടായ ദുരന്താവസ്ഥ ഒഴിവാക്കുകയും വേണം! നമ്മുടെ കുടുംബങ്ങളിൽ അത്തരം ദുരന്താവസ്ഥകൾ കടന്നുവ രാതിരിപ്പാൻ നമ്മുടെ യുവാക്കളെ നമുക്ക് പ്രബോധിപ്പിക്കാം.